# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | | |
|---|---|---|
| ജനുവരി<br>JANUARY | 09 | 2020 |



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664
www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

**മകരവിളക്ക് :അപ്പം, അരവണ കരുതൽ ശേഖരം തയ്യാർ**

മകരവിളക്കിന് ദിവസങ്ങൾ ബാക്കി നിൽക്കെ ദേവസ്വം ബോർഡിന്റെ നേതൃത്തത്തിൽ വിപുലമായ ഒരുക്കങ്ങൾ ് നടന്നു വരുന്നു. വഴിപാട് പ്രസാദങ്ങളായ അപ്പം,അരവണ എന്നിവ ആവശ്യത്തിന് ഭക്തർക്ക് ലഭ്യമാക്കും. ഇതിനാവശ്യമായ അത്രയും കരുതൽ ശേഖരത്തിൽ സൂക്ഷിക്കുന്നുണ്ട്. മകരവിളക്ക് ദർശനത്തിനായെത്തുന്ന ഭക്ത ജനങ്ങൾ ക്ക് അന്നദാനപ്പന്തലിൽ സദ്യ ഒരുക്കും. പ്രതിദിനം മുപ്പതിനായിരത്തിലധികം ഭക്ത ജനങ്ങൾക്കാണ് ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപത്തിൽ നിന്ന് ഭക്ഷണം നൽ കുന്നത്. ഇതിൽ കൂടുതലായി ആളുകൾ എത്തുന്ന സാഹചര്യമുണ്ടായാലും അവർക്കെല്ലാം അന്നദാനം നൽകാൻ സൗകര്യം ഏർപ്പെടുത്തും. ഭക്തർ മകര ജ്യോതി ദർശിക്കാൻ സ്ഥിരമായി തമ്പടിക്കാറുള്ള സ്ഥലങ്ങൾ പോലീസുമായി ചേർന്ന് പരിശോധിച്ച് ബാരിക്കേഡുകൾ സ്ഥാപിക്കുന്ന ജോലികൾ തുടങ്ങിയതായി ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ വി.എസ് രാജേന്ദ്ര പ്രസാദ് പറഞ്ഞു. മകര വിളക്ക് ദർശനത്തിനായി ഭക്തർ നിർമ്മിക്കാറുള്ള പർണ്ണശാലകളിൽ യാതൊരു കാരണവശാലും പാചകം അനുവദിക്കില്ല. ഫയർഫോഴ്സിന്റെയും ഫോറസ്ററിന്റെയും സഹകരണത്തോടെ ഇതിനാവശ്യമുള്ള നടപടികൾ സ്വീകരിക്കും. കുടിവെള്ളം ഭക്തർക്ക് ലഭ്യമാക്കാനായി വാട്ടർ അതോറിറ്റിയുടെ കിയോസ്കുകൾ കൂടാതെ ഔഷധ കുടിവെള്ളവും, ബിസ്കറ്റുകളും ദേവസ്വം ബോർഡ് വിതരണം ചെയ്യുന്നുണ്ട്. നിലവിലുള്ള ജീവനക്കാരെ കൂടാതെ കൂടുതൽ താൽക്കാലിക ജീവനക്കാരെ ഇതിനായി നിയോഗിച്ചിട്ടുണ്ട്. തിരക്ക് കൂടുന്ന ദിവസങ്ങളിൽ തന്ത്രിയുമായി കൂടി

ആലോചിച്ച് ദർശന സമയം ദീർഘിപ്പിച്ച് നൽകുന്നുണ്ട്. ജനുവരി 15ന് ആണ് മകര വിളക്ക്.

(പി.ആർ. ശബരി–314)

## ശബരിമല: വരവിൽ വർധനവ്

ശബരിമലയിൽ കഴിഞ്ഞ വർഷത്തെ മണ്ഡല കാലത്തെക്കാൾ ഇക്കൊല്ലം 55 ശതമാനം വരവ് കൂടി.ഇത്തവണ മണ്ഡലകാലത്ത് 162 കോടി രൂപയുടെ വരവാണ് ഉണ്ടായത്.ഈ മകരവിളക്കു കാലത്തും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വരവിൽ വർദ്ധനവുണ്ടാകു മെന്ന് ദേവസ്വം എക്സിക്യൂട്ടിവ് ഓഫീസർ വി. എസ് രാജേന്ദ്രപ്രസാദ് പറഞ്ഞു. ഭക്തർ കാണിക്കയായി സമർപ്പിച്ച നാണയങ്ങൾ എണ്ണി തിട്ടപ്പെടുത്തുന്ന ജോലി ത്വരിത ഗതിയിൽ നടന്നു വരികയാണ്. മറ്റിടങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെക്കൂടി അ ധികമായി ഇവിടെ നിയോഗിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഒഴുവുള്ള സമയത്തെ സഹാ യം കൂടി ദേവസ്വം ബോർഡ് തേടുന്നുണ്ട്.

(പി.ആർ. ശബരി–315)

## മകരവിളക്കിന്റെ ഭാഗമായി കൂടുതൽ പൊലീസിനെ നിയോഗിക്കും–സ്പെഷൽ ഓഫീസർ

മകരവിളക്കിന്റെ ഭാഗമായി സന്നിധാനത്ത് അനുഭവപ്പെടുന്ന ഭക്തജനത്തിരക്ക് നിയന്ത്രിക്കുന്നതിന് 150 ഓളം അധിക പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നു. മകരവിളക്ക് ദിവസം പോലീസിലെ രണ്ടു ഷിഫ്റ്റ് ജോലിയിലുള്ള ആളുകൾ രണ്ടു മണിക്കൂർ അധിക സേവനം ചെയ്യുന്നുണ്ട് . ഇത്തരത്തിൽ ഭക്തജനത്തിരക്ക് നിയന്ത്രിക്കാൻ ആവശ്യമായ സേനാബലം ലഭ്യമാക്കുമെന്ന് സ്പെഷ്യൽ ഓഫീസർ എസ്. സുജിത്ത് ദാസ് പറഞ്ഞു. മകരവിളക്ക് കണ്ടിറങ്ങുന്ന ഭക്തർക്ക് തിരിച്ചു പോകുന്നതിനു കൂടുതൽ സൗകര്യം ഏർപ്പെടുത്താനായാണ് ഈ അധിക പോലീസ് സേനാംഗങ്ങളെ വിനിയോഗിക്കുക. പാണ്ടിത്താവളം തൊട്ട് മാളികപ്പുറത്തിന് പുറകിലുള്ള അന്നദാന മണ്ഡപം വഴി ബെയിലി പാലം വരെയും 108 പടിയുടെ മുകളിൽ നിന്ന് ഇടത്തോട്ട് തിരിഞ്ഞു എസ്.ഒ ഓഫീസിന് പുറകിലൂടെ കൊപ്രക്കളം വഴി നടപ്പ ന്തലിലേക്ക് ഇറങ്ങുന്നിടത്തും ബെയ്‌ലി പാലത്തിൻറെ ഭാഗത്തേക്ക് ജീപ്പ് റോഡ് ഭാഗത്തുകൂടി പുറത്തേക്ക് പോകുന്നിടത്തും അധിക പോലീസിൻറെ സേവനം വിനിയോഗിക്കും. മകരവിളക്ക് ദിവസം ഉച്ചപൂജയ്ക്ക് ശേഷം നടകയറ്റാത്തതിനാൽ പമ്പയിൽനിന്ന് ഭക്തജനങ്ങളെ നിയന്ത്രിക്കും. തിരുവാഭരണം ശരംകുത്തി എത്തിയതിനുശേഷം നിയന്ത്രണം നീക്കുമെന്ന് സ്പെഷ്യൽ ഓഫീസർ പറഞ്ഞു. പാണ്ടിത്താവളത്തും മാളികപ്പുറത്തിന് പുറകിലുള്ള അന്നദാന മണ്ഡപത്തിന്റെ ഭാഗത്തും മകരവിളക്ക് ദർശിച്ചശേഷം ഭക്തർക്ക് സുഗമമായി പുറത്തേക്ക് പോകുന്നതിനുള്ള വഴി ക്രമീകരിച്ചിട്ടുണ്ട്. ദേവസ്വത്തിന്റെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറും സ്പെഷ്യൽ ഓഫീസറും സ്ഥലങ്ങൾ സന്ദർശിച്ചു. ബാരിക്കേഡുകളുടെ അറ്റകുറ്റപ്പണി, താൽക്കാലിക ബാരിക്കേഡ് നിർമ്മാണം, നീക്കാവുന്ന ബാരിക്കേട് എ ന്നിവയുടെ നിർമാണം ആരംഭിച്ചിട്ടുണ്ട്. ഭവൈദ്യുതിബോർഡ് വെളിച്ചം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മകരജ്യോതി ദൃശ്യമാകുന്ന പാണ്ടിത്താവളം, അന്നദാന മണ്ഡപം, ഇൻസിനറേറ്റർ, ശരംകുത്തിക്കു മുകളിലുള്ള ഭാഗം, യുടേണിന്റെ പിന്നിലുള്ള ഭാഗം, ക്യൂ കോംപ്ലക്സിന് പുറകുവശം, കെ.എ സ്.ഇ.ബി.യുടെ പുറകുവശം, കൊപ്രാക്കളം എന്നിവിടങ്ങളിൽ പ്രത്യേക സുരക്ഷ ഒരു

ക്കും.

(പി.ആർ. ശബരി–316)

## 24 മണിക്കൂറും കർമ്മനിരതരായി വനം വകുപ്പിന്റെ എലിഫൻറ് സ്ക്വാഡ്

ശബരിമലയിലെത്തുന്ന ഭക്തർക്ക് ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളിൽ നിന്ന് സുരക്ഷയൊരുക്കി വനംവകുപ്പിന്റെ എലിഫൻറ് സ്ക്വാഡ് സജീവം. 40 ലധികം വരുന്ന ജീവനക്കാരും ഡോക്ടർമാരും ഉൾപ്പെടുന്ന സംഘം വിവിധ സ്ക്വാഡുകളായി തിരിഞ്ഞാണ് പ്രവർത്തിക്കുന്നത്. 24 മണിക്കൂറും ഇവരുടെ സേവനം ലഭ്യമാണ് . നാലുപേരടങ്ങുന്ന ഓരോ സംഘത്തിനും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ നേതൃത്വം നൽകുന്നു. നിലക്കൽ മുതൽ പമ്പ വരെയുള്ള റോഡ് ഭാഗങ്ങളിലും എരുമേലി അഴുത വഴിയുള്ള പരമ്പരാഗത പാതയിലും പുല്ലുമേട് വഴി വരുന്ന അയ്യപ്പ ഭക്തന്മാർക്കും സന്നിധാനത്തും ആണ് എപ്പോഴും എലിഫൻറ് സ്ക്വാഡ് രംഗത്തുള്ളത്. അഴുതയിലും പമ്പയിലും എലിഫൻറ് സ്ക്വാഡിനൊപ്പം ഓരോ മൃഗഡോക്ടറുടെ സേവനവും ലഭ്യമാണ്. സന്നിധാനത്തും പമ്പയിലും ആനത്താര കടന്നുപോകുന്ന പാതകളിലെല്ലാം എലിഫൻറ് സ്ക്വാഡിന്റെ സാന്നിധ്യമുണ്ട്. ആനയുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾ തന്നെ സ്ക്വാഡ് എത്തി ഉൾക്കാട്ടിലേക്ക് ഓടിക്കുകയാണ് പതിവ്. എലിഫൻറ് സ്ക്വാഡിന് റൈഫിൾ, പടക്കം എന്നിവ നൽകിയിട്ടുണ്ട്. വെടിവെച്ചും പടക്കം പൊട്ടിച്ചുമാണ് ആനയെ ഉൾവനത്തിലേക്ക് വിടുന്നത്. വെള്ളത്തിൻറെ സാന്നിധ്യമാണ് ആനയെ പൊതുവേ കാട് ഇറങ്ങിവരാൻ പ്രേരിപ്പിക്കുന്നതെന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ വി ആർ രാജീവ് പറഞ്ഞു. വനം മന്ത്രിയുടെ നിർദ്ദേശപ്രകാരം അധികമായി 50 ജീവനക്കാർ കൂടി വിവിധ ഇടങ്ങളിലായി സേവനത്തിനെത്തും.

(പി.ആർ. ശബരി–317)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 09 | 2020 |
| --- | --- | --- |

## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664

*www.sabarimala.kerala.gov.in, prdsabarimala2020@gmail.com*


---

**അപകടകരമാം വിധം വാഹനമോടിച്ചതിന്**
**ട്രാക്ടർ ഡ്രൈവർക്കെതിരെ കേസ്**

സന്നിധാനത്ത് നടപ്പന്തലിലൂടെ അപകടകരമായി ട്രാക്ടർ ഓടിച്ചതിന് സന്നിധാനം പോലീസ് കേസെടുത്തു. നെയ്യാറ്റിൻകര കിഴക്കേക്കര പുത്തൻ വീട്ടിൽ രാജനെതിരെയാണ് കേസ്.

പമ്പയിൽ നിന്നും ഹൈക്കോടതി നിർദേശിച്ച സമയങ്ങളിൽ ചരക്കുമായി വരുന്ന ട്രാക്ടറുകൾ സന്നിധാനത്തെ ഗവൺമെൻറ് ആശുപത്രിക്ക് സമീപത്തുകൂടി വലത്തേക്ക് തിരിഞ്ഞ് നടപ്പന്തലിനു പുറകിൽക്കൂടി സഞ്ചരിച്ച് ലോവർ തിരുമുറ്റം ഭാഗത്തേക്ക് പ്രവേശിക്കണമെന്ന കോടതിയുടെയും പോലീസിന്റെയും ദേവസ്വം ബോർഡിന്റെയും കർശന നിർദേശമുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചതിനാണ് കേസ്. നടപ്പന്തലിലൂടെ അത്യാവശ്യ സാഹചര്യങ്ങളിലല്ലാതെ ട്രാക്ടർ ഓടിക്കരുതെന്ന നിർദേശം അവഗണിക്കുന്ന ട്രാക്ടറുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് സന്നിധാനം പോലിസ് സ്റ്റേഷൻ ഹൗസ് ഓഫീസർ റ്റി ഡി പ്രജീഷ് അറിയിച്ചു.

(പി.ആർ. ശബരി–318)

## അയ്യപ്പഭക്തൻ മരിച്ചു

സന്നിധാനത്ത് അയ്യപ്പഭക്തൻ മരണമടഞ്ഞു. പാലക്കാട് വാളയാർ നടുവത്തി കോളനി സ്വദേശിയായ മണികണ്ഠൻ 25 ആണ് മരിച്ചത്. സന്നിധാനത്തെ ഗവൺമെൻറ് ആശുപത്രിയിൽ എത്തിക്കുന്നതിനു മുന്നെ മരണം സംഭംവിച്ചിരുന്നതായി ആശുപത്രി അധികൃതർ പറഞ്ഞു. പമ്പയിലെത്തിച്ച മൃതദേഹം പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്ക് കൊണ്ടുപോയി.

(പി.ആർ. ശബരി–319)

## ശബരിമല നാളത്തെ (10–01–2020)ചടങ്ങുകൾ

| | |
|---|---|
| പുലർച്ചെ 2.45 ന് | പള്ളിയുണർത്തൽ |
| 3 മണിക്ക് | തിരുനട തുറക്കൽ |
| 3.05 ന് | നിർമ്മാല്യ ദർശനം |
| 3.10 ന് | അഭിഷേകം |
| 3.15 മുതൽ 7 മണി വരെ | നെയ്യഭിഷേകം |
| 3.30 ന് | ഗണപതിഹോമം |
| 7.30 ന് | ഉഷപൂജ |
| 8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും | |
| 11.45ന് | കലശാഭിഷേകം |
| 12 മണിക്ക് | കളഭാഭിഷേകം |
| 12.30ന് | ഉച്ചപൂജ |
| 1 മണിക്ക് | നട അടയ്ക്കും |
| വൈകിട്ട് 4 മണിക്ക് | തിരുനട തുറക്കൽ |
| 6.30ന് | ദീപാരാധന |
| 7 മണിക്ക് | പുഷ്പാഭിഷേകം |
| 9.30 ന് | അത്താഴപൂജ |
| രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും | |

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 09 | 2020 |



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### *തിരുവാഭരണ ഘോഷയാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി: ദേവസ്വം ബോർഡ് പ്രസിഡന്റ്*

ശബരിമല മകരവിളക്ക് മഹോത്സവത്തോട് അനുബന്ധിച്ചുള്ള തിരുവാഭരണ ഘോഷയാത്രയ്ക്കുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ.വാസു പറഞ്ഞു. തിരുവാഭരണ ഘോഷയാത്രയുടെ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ പന്തളം വലിയ കോയിക്കൽ ശാസ്താ ക്ഷേത്ര ഓഡിറ്റോറിയത്തിൽ ചേർന്ന യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സർക്കാരിന്റെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും സഹായ സഹകരണങ്ങൾ ലഭിച്ചതുവഴി തിരുവാഭരണ ഘോഷയാത്രയ്ക്കുള്ള എല്ലാ സജ്ജീകരങ്ങളും പൂർത്തിയായെന്നും എന്തെങ്കിലും പോരായ്മ ശ്രദ്ധയിൽ പെടുകയാണെങ്കിൽ ഉടൻ പരിഹരിക്കുമെന്നും അദ്ദേഹം പറഞ്ഞു. മകരവിളക്ക് മഹോത്സവത്തിനെത്തുന്ന തീർഥാടകർക്ക് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കും. സന്നിധാനത്തും നിലയ്ക്കൽ ബേസ് ക്യാമ്പിലും പമ്പയിലും ഇതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. തീർഥാടകർക്ക് യാത്ര ചെയ്യാനാവശ്യമായ കെ.എസ്.ആർ.ടി.സി ബസും

ഒരുക്കിയിട്ടുണ്ടെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു.
യോഗത്തിൽ പോലീസ്, ആരോഗ്യം, ഗതാഗതം തുടങ്ങിയ വകുപ്പുകളുടെയും പന്തളം മുനിസിപ്പാലിറ്റിയുടെയും സേവനങ്ങൾ വിലയിരുത്തി. പന്തളം കൊട്ടാരം നിർവാഹക സമിതിയുടെയും തിരുവാഭരണം വഹിക്കുന്ന ഗുരുസ്വാമിയുടെയും ആവശ്യങ്ങൾ പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകി.

തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളായ എൻ. വിജയകുമാർ, അഡ്വ.കെ.എസ് രവി, പന്തളം നഗരസഭാ അധ്യക്ഷ ടി.കെ സതി, ശബരിമല എ.ഡി.എം എൻ.എസ്.കെ ഉമേഷ്, അടൂർ ആർ.ഡി.ഒ പി.ടി എബ്രഹാം, ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ആർ.ബീനാ റാണി, അടൂർ ഡിവൈ.എസ്.പി ജവഹർ ജനാർദ്ദ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ ഷീജ, പന്തളം കൊട്ടാരം നിർവാഹക സമിതി അധ്യക്ഷൻ ജി.ശശികുമാരവർമ്മ, പന്തളം കൊട്ടാരം നിർവാഹക സമിതി അംഗങ്ങളായ പി.എൻ നാരായണവർമ്മ, പ്രദീപ് കുമാർ വർമ്മ, പന്തളം മുനിസിപ്പൽ വൈസ് ചെയർമാൻ ആർ ജയൻ, കൗൺസിലർ കെ.ആർ രവി, അസി. ദേവസ്വം കമ്മീഷണർ ജി.മുരളീധരൻപിള്ള, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആർ.എസ് ഉണ്ണിത്താൻ, ഉപദേശക സമിതി പ്രസിഡന്റ് പൃഥ്വീപാൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

(പി.ആർ. ശബരി-320)

## <u>ഫോട്ടോ അടിക്കുറിപ്പ്</u>

തിരുവാഭരണ ഘോഷയാത്രയുടെ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ പന്തളം വലിയ കോയിക്കൽ ശാസ്താ ക്ഷേത്ര ഓഡിറ്റോറിയത്തിൽ ചേർന്ന യോഗം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ.വാസു ഉദ്ഘാടനം ചെയ്യുന്നു

## ***മകരവിളക്ക്: ഉദ്യോഗസ്ഥർ ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് ജില്ലാ കളക്ടർ***

മകരവിളക്ക് ദർശിക്കുന്ന വ്യൂ പോയിന്റിൽ നിയോഗിക്കുന്ന ചാർജ് ഓഫീസർമാർ ജാഗ്രതയോടെ ഡ്യൂട്ടി ചെയ്യണമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് നിർദേശിച്ചു. മകരവിളക്ക് ദർശിക്കുന്ന കേന്ദ്രങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിച്ച ഉദ്യോഗസ്ഥർക്കായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ പരിശീലന പരിപാടിയിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

മകരവിളക്ക് ദർശിക്കുന്ന കേന്ദ്രങ്ങളിൽ ചാർജ് ഉദ്യോഗസ്ഥർ മകരവിളക്കിന് തലേന്ന് എത്തി കുടിവെള്ളം, ബാരിക്കേഡ്, ലൈറ്റ്, ആംബുലൻസ് എന്നിവ ഉറപ്പുവരുത്തണം. എല്ലാ വകുപ്പുകളും

കൈകൊണ്ടിട്ടുള്ള നടപടികൾ തലേന്ന് ചാർജ് ഓഫീസർമാർ സ്ഥലത്തെത്തി വൈകുന്നേരത്തിന് മുമ്പായി ജില്ലാ ദുരന്തനിവാരണ ഓഫീസിൽ അറിയിക്കണം. ആരോഗ്യവകുപ്പ് ആംബുലൻസ്, മെഡിക്കൽ ടീം, സ്‌ട്രെച്ചർ, വോളണ്ടിയർമാർ എന്നിവരെ ഉറപ്പാക്കുക. ബാരിക്കേഡ് സംവിധാനം സുരക്ഷിതമെന്ന് ചാർജ് ഓഫീസർമാർ ഉറപ്പാക്കണം. മകരജ്യോതി ദർശനം നടത്തുന്ന വ്യൂ പോയിന്റുകളിൽ മറ്റെന്തെങ്കിലും അത്യാഹിതങ്ങൾ ഉണ്ടായാൽ പത്തനംതിട്ട കളക്ടറേറ്റിലെ ദുരന്തനിവാരണ സെക്ഷനിലും, ജില്ലാ കളക്ടറേയും യഥാസമയം ചാർജ് ഓഫീസർമാർ അറിയിക്കണം. ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ആർ. ബീനാറാണി പരിശീലനത്തിന് നേതൃത്വം നൽകി.

(പി.ആർ. ശബരി-321)

